കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് – മുട്ടിൽ ഗ്രാമപഞ്ചായത്ത്- ബസ് ബേ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്ന് 2,00,00,000/- രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

## തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ (സാധാ)നം: 713/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി: 09/3/2012**

---

**പരാമർശം:-**
1. സ.ഉ (എം.എസ്) നം. 147/09/തസ്വഭവ തീയതി: 29/7/2009.
2. 1/03/2012-ലെ KURDFC -യുടെ KURDFC/A2/304/12 നമ്പർ സമ്മതപത്രം
3. മുട്ടിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10/2/12-ലെ 134 (I) നമ്പർ തീരുമാനം
4. പഞ്ചായത്ത് ഡയറക്ടറുടെ 2/3/12-ലെ സി1-5776/12 നമ്പർ കത്ത്.

### ഉത്തരവ്

മുട്ടിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കി വരുന്ന ബസ് ബേ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് 2,00,00,000/- രൂപ കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്ന് വായ്പയെടുക്കുന്നതിന് അനുമതിയ്ക്കായി സർക്കാരിനോട് അഭ്യർത്ഥിക്കാൻ മുട്ടിൽ ഗ്രാമപഞ്ചായത്ത് കൗൺസിൽ തീരുമാനിച്ചിട്ടുള്ളത് പരാമർശം (4) പ്രകാരം അനുകൂല നടപടിയ്ക്കായി പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുട്ടിൽ ഗ്രാമപഞ്ചായത്തിൽ ബസ് ബേ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി മുട്ടിൽ നോർത്ത് വില്ലേജിലെ റിസർവ്വേ 725/5-ൽപ്പെട്ട 0.3010 ഏക്കർ സ്ഥലം ജാമ്യമായി നൽകി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 2,00,00,000/- (രണ്ടു കോടി രൂപ മാത്രം) രൂപ വായ്പയെടുക്കുന്നതിന്, പരാമർശം (1) സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം മുട്ടിൽ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
വി.ശോഭ
അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, മുട്ടിൽ ഗ്രാമപഞ്ചായത്ത്, വയനാട്
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം- 14
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.